©
Government of Kerala
കേരള സർക്കാർ
2007

Reg. No. രജി. നമ്പർ
KL/TV(N)/12/2006-2008

KERALA GAZETTE
കേരള ഗസറ്റ്

PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. LIII
വാല്യം 53

Thiruvananthapuram, Tuesday
തിരുവനന്തപുരം, ചൊവ്വ

1st April 2008
2008 ഏപ്രിൽ 1
12th Chaithra 1930
1930 ചൈത്രം 12

No.
നമ്പർ
14

PART III
Stores Purchase

Health Services Department

പുനർ ടെണ്ടർ നോട്ടീസ്.

നമ്പർ ബി1/11421/2007/ജി.മെ.ആ.വ.

2008 മാർച്ച് 15.

വയനാട് ജില്ലയിൽ ജില്ലാ മെഡിക്കൽ ആഫീസറുടെ കീഴിലുള്ള താഴെപ്പറയുന്ന ആരോഗ്യ സ്ഥാപനങ്ങളിലേക്ക് 2008-09 വർഷത്തേക്ക് ആവശ്യമായ കുടു-കുടുംബ വസ്തുക്കളും ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനുള്ള മുദ്രവച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. കുടു വസ്തുക്കൾക്കും. കുടുംബ വസ്തുക്കൾക്കും വെവ്വേറെ ടെണ്ടറുകൾ സമർപ്പിക്കേണ്ടതാണ്.

1. താലൂക്ക് ആശുപത്രി, മെപ്പാടി
2. സി. എച്ച്. സി., പുൽപ്പള്ളി
3. പി. എച്ച്. സി., പനമരം.

ടെണ്ടറുകൾ അതാത് സ്ഥാപനങ്ങളിൽ 2008 ഏപ്രിൽ 4-ന് ഉച്ചകഴിഞ്ഞ് 3 മണിവരെ സ്വീകരിക്കുന്നതായിരിക്കും. ടെണ്ടർ ഫോറവും മറ്റു വിശദാംശങ്ങളും അതാത് സ്ഥാപനങ്ങളിൽ നിന്നും 28-3-2008 മുതൽ 3-4-2008 ഉച്ചകഴിഞ്ഞ് 3 മണിവരെ ലഭിക്കുന്നതായിരിക്കും.

ടെണ്ടർ ഫോറം ലഭിക്കുന്നതിലേക്കായി അതിലേക്ക് വിലയായി നിശ്ചയിച്ച തുകയും, വിൽപ്പന നികുതിയും ട്രഷറിയിൽ അടച്ച് രശീതിയും അപേക്ഷയിൽനിന്നും നിശ്ചിത ഫോറത്തിൽ 2008 ജനുവരി 1-നുശേഷം ലഭിച്ചിട്ടുള്ള സാമ്പത്തികശേഷി തെളിയിക്കുന്ന സർട്ടിഫിക്കറ്റും കുടിക്കട സർട്ടിഫിക്കറ്റും ബാധ്യതയില്ലാ സർട്ടിഫിക്കറ്റും ടി സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും അപേക്ഷയോടൊപ്പം പ്രസ്തുത സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ അംഗീകൃത അധികാരിയിൽ നിന്നും ക്ഷേണസംബന്ധവിരിപ്പന സംബന്ധിച്ച പി. എച്ച്. ഏ. ലൈസൻസും ഹാജരാക്കണം. ടെണ്ടർ ഫോറത്തിന്റെ വില നിയമാനുസൃതമുള്ള വിൽപ്പന നികുതി എന്നിവ ട്രഷറിയിൽ അടച്ചതിനുശേഷം 2210- മെഡിക്കൽ ആൻഡ് പബ്ലിക് ഹെൽത്ത് 80-800 മറ്റു വരവുകൾ എന്ന ശീർഷകത്തിലും 0049-102-01 സെയിൽസ് ടാക്സ് എന്ന ശീർഷകത്തിലും അടയ്ക്കേണ്ടതാണ്.

നിബന്ധനകൾ

1. ടെണ്ടർ തുകയുടെ 1% നിരതദ്രവ്യമായി സമർപ്പിക്കേണ്ടതാണ്.
2. സ്റ്റോർ പർച്ചേസ് നിയമത്തെ അനുശാസിക്കുന്നവിധം 50 രൂപയുടെ മുദ്രപ്പത്രത്തിൽ നിശ്ചിത ഫോറത്തിലുള്ള കരാർ.
3. ഫുഡ് അഡൽട്രേഷൻ ചട്ടത്തെ അനുശാസിക്കുന്നവിധം ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. ഇൻഡ്യൂസ് ഓഫ് ടെണ്ടർ.
5. കണ്ടീഷൻസ് ഓഫ് ടെണ്ടർ.
6. സോൾവൻസി സർട്ടിഫിക്കറ്റ് (2008 ജനുവരി 1-നുശേഷം ലഭിച്ചത്), അതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

ടെണ്ടറുകൾ നോട്ടീസുള്ള ബന്ധപ്പെട്ട കക്ഷികളുടെയോ കക്ഷികളെ പ്രതിനിധീകരിക്കുന്ന ഏജന്റിന്റെയോ സാന്നിദ്ധ്യത്തിൽ 2008 ഏപ്രിൽ 5-ാം തീയതി 3 മണിക്ക് അതാത് സ്ഥാപന മേലധികാരികൾ തുറക്കുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നും അതാത് സ്ഥാപനങ്ങളിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ ലഭിക്കുന്നതായിരിക്കും. യാതൊരു കാരണവും കൂടാതെ ഈ ടെണ്ടർ റദ്ദ് ചെയ്യുന്നതിനും നിരാകരിക്കുന്നതിനും ജില്ലാ മെഡിക്കൽ ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം),
വയനാട്.

(ഒപ്പ്)
ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം).